# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 328</u> <u>26.02.2018 - ൽ മറുപടിയ്ക്ക്</u>

## <u>ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. സി. ദിവാകരൻ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ ലീഗൽ മെട്രോളജി വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | വകുപ്പിൽ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>സീനിയർ സൂപ്രണ്ട് (കൺട്രോളറാഫീസ്) - 1<br>ജൂനിയർ സൂപ്രണ്ട് (ഡെപ്യൂട്ടി കൺട്രോളറാഫീസുകൾ) - 3<br>ഹെഡ് ക്ലാർക്ക് (കൺട്രോളറാഫീസ്) - 1<br>ക്ലാർക്ക് (ഫ്ളൈയിംഗ് സ്ക്വാഡ് ) - 10<br>ക്ലാർക്ക് (ഇന്റേണൽ ഓഡിറ്റ് വിംഗ് ) - 3 ക്ലാർക്ക് (ഡെപ്യൂട്ടി കൺട്രോളറാഫീസുകൾ)-3 |
| (ബി) | ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | • ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി 14 ടാറ്റാ സുമോ ഗോൾഡ് വാഹനങ്ങൾ അനുവദിച്ചു.<br>• വകുപ്പിൽ പുതുതായി 21 തസ്തികകൾ സൃഷ്ടിച്ചു<br>• വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പാക്കർ രജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പൊതു ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>• പൊതു ജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾ ഫ്രീ നമ്പരോടുകൂടി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>• വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>• ലീഗൽ മെട്രോളജി വകുപ്പിൽ ഐ.ടി. സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | • വകുപ്പിന്റെ ഓഫീസ് നിർമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.<br>• കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>• തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്ക്സ് തുടങ്ങിയവ കൂടി പൂർത്തിയാക്കി 2018 മെയ് മാസത്തിൽ ടി കെട്ടിടം വകുപ്പിന് ഉപയോഗ യോഗ്യമാക്കുന്നതാണ്.<br>• കൊല്ലത്ത് ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.<br>• ആരോഗ്യ മേഖലകളിൽ ഉപയോഗിച്ചു വരുന്ന അളവു - തൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധനയ്ക്കുള്ള സംവിധാനം സജ്ജമാക്കി.<br>• പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രികാല പരിശോധനകൾ ആരംഭിച്ചു.<br>• ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തി വരുന്നു.<br>• നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു. ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി എഫ്.എം.റേഡിയോയിലുൾപ്പെടെ പരസ്യങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ